CHRISTIAN MUSICOLOGICAL SOCIETY OF INDIA

# PRO MANUSCRIPTO

അഭിവന്ദ്യപിതാവേ! പെ. ബ. അച്ചാ,

## സുവിശേഷാടിസ്ഥാനത്തിൽ ഇന്ധ്യൻ ആരാധനക്രമം

ഇന്ധ്യൻ ആരാധനക്രമം നവീകരിക്കുന്ന സംഗതിയിൽ പല അഭിവന്ദ്യപിതാക്കന്മാരും, പെ. ബ. വൈദികരും അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ ശുഭമുഹൂർത്തത്തിൽ, ഏതെങ്കിലും ശബ്ദം കേൾക്കുമ്പോൾ നായയ്ക്കു കുരയ്ക്കാനുള്ള ആവേശം ഉളവാകുന്നതുപോലെ, എനിക്കും ഒരു പ്രചോദനം, കഴിവതു പ്രവർത്തിച്ച് നമ്മുടെ പിതാക്കന്മാരെ സഹായിക്കണമെന്ന്. ഞാൻ പലർക്കും അജ്ഞാതനായ ഒരു വ്യക്തിയാണ്. 1960 ന്റെ ആരംഭത്തിൽ റോമയിലെ ഓറിയന്റൽ കോൺഗ്രിഗേഷന്റെ നിർദ്ദേശാനുസരണം, വിദേശ മിഷൻ പ്രവർത്തനത്തിന്നായി ഇന്ധ്യയിൽനിന്നു ഇറാക്കിലേയ്ക്കു പുറപ്പെട്ട മൂന്നു സി. എം. ഐ. വൈദികരിൽ ഒരാളായ ഫാ. ജോസഫ് വേർജിൽ സി. എം. ഐ. ആണ് ഞാൻ. ബൈബിളിന്റെ പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള സംഭവങ്ങളെല്ലാം നടന്ന മിക്കസ്ഥലങ്ങളിലുമായി സുദീർഘമായ പത്തുവർഷക്കാലം താമസിച്ചു് സംഗതികൾ പഠിച്ചറിഞ്ഞതും, ക്രിസ്തീയ ലോകത്തിലെ മിക്ക റീത്തുകളുടേയും ആരാധനക്രമങ്ങളുമായി പരിചയപ്പെടാൻ സാധിച്ചതും, അകത്തോലിക്ക സഭകളുടേയും, അക്രൈസ്തവ മതവിഭാഗങ്ങളുടേയും പുരോഹിത നേതാക്കന്മാരുമായി സമ്പർക്കം പുലർത്തി ആശയങ്ങൾ കൈമാറാൻ സംഗതിയായതും ഒരു വലിയ നേട്ടവും ദൈവപരിപാലനയുമായി ഇപ്പോൾ ഞാൻ ചിന്തിക്കുന്നു. ഈ കണ്ണാടിയിൽക്കൂടെ വീക്ഷിക്കുമ്പോൾ ഞാൻ കാണുന്നതു് മിശിഹാ മനുഷ്യവംശത്തെ പിശാചിന്റെ അടിമത്തത്തിൽനിന്നു വീണ്ടെടുത്തു രക്ഷിച്ചു. യൂറോപ്യൻ മിഷനറിമാർ ഇന്ധ്യയിൽ വന്നു് നമ്മുടെ ആരാധനക്രമത്തെ വളച്ചൊടിച്ചു്, യൂറോപ്യന്മാരുടെ ബാഹ്യാനുഷ്ഠാന പ്രധാനങ്ങളായ മതാചാരചട്ടക്കൂട്ടിൽ ഒതുക്കിക്കൊള്ളിച്ചു്, നമ്മുടെ പൂർവ്വികന്മാരുടെമേൽ അടിച്ചേൽപ്പിച്ചു. തന്മൂലം സകലത്തിന്റേയും നാഥനായ ദൈവപിതാവിനേയും, മനുഷ്യകുലപരിത്രാണാർത്ഥം കഠോരകുരിശുമരണം കൈവരിച്ച ഈശോകർത്താവിനേയും ആശ്രയിക്കാതെതന്നെ,

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ത്രിലോകരാജ്ഞിയും ദൈവമാതാവുമായ പരിശുദ്ധ കന്യകാമ[റിയ]ത്തേയും, ചില വിശുദ്ധന്മാരെയും സ്വാധീനിച്ച് ആകാശമോക്ഷം നേടിയെടുക്കാനുള്ള ഒരു വ്യാജപ്രവണത കത്തോലിക്ക ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിപ്പിച്ചു. മാതാവിനോടും വിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥന തിരുസഭ അംഗീകരിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതുമാണ്. അവ ദൈവത്തോടുള്ള ഭക്തിക്കു വിലങ്ങുതടിയാകാൻ പാടില്ല. മിശിഹായുടെ മാർഗ്ഗത്തിൽക്കൂടെ സ്വർഗ്ഗസ്ഥ പിതാവിന്റെ പക്കലേയ്ക്കു നമ്മെ ആനയിക്കുന്നവയാകണം.

കിഴക്കരായ നമ്മുടെ ആരാധനക്രമം അനുവദിക്കാത്തതായ കൊത്തുരൂപങ്ങളോടുള്ള വണക്കം അവർ നമ്മുടെ പള്ളികളിൽ നടപ്പാക്കി. മിശിഹാകർത്താവിന്റെ ജനനസ്ഥലത്തും, കുരിശുമരണം, കവറടക്കം ഉയിർപ്പ് മുതലായവ നടന്ന സ്ഥലത്തും ഉള്ള വിശാലമായ തീർത്ഥാടനദേവാലയങ്ങളിൽ കൊത്തുരൂപങ്ങൾ അനുവദനീയമല്ല. എന്തുകൊണ്ട് സർവ്വബോധജ്ഞാനിയായ ദൈവം അക്കത്തോലിക്കരുടെ ശക്തി ഉപയോഗിച്ച് അത്ഭുതാവഹമാംവിധം, ഈ സുപ്രധാന തിരുസ്ഥലങ്ങളിൽ കൊത്തുരൂപങ്ങൾ ഉപയോഗിക്കുന്നതിനു യൂറോപ്യൻ മിഷനറിമാരെ തടഞ്ഞിരിക്കുന്നു? സഭാപിതാക്കന്മാർ ചിന്തിക്കാനുള്ള ഒരു പ്രധാന സംഗതിയാണിതു്.

പള്ളി തിരുനാളുകളുടെ പ്രധാന ചടങ്ങ് നാടകം, സിനിമാപ്രദർശനം, കഥാപ്രസംഗം മുതലായവയായി നിറംമാറിക്കഴിഞ്ഞു. അവയ്ക്കുമാത്രമെ തിരുനാളുകൾക്കു ആൾക്കൂട്ടമുള്ളു.

വിശുദ്ധന്മാരോടുള്ള ഭക്തിപ്രകടനങ്ങൾ പള്ളികൾക്കുള്ള ധനാഗമമാർഗ്ഗങ്ങളായി പലരും ഏറ്റെടുത്തു. ഇതൊരു പകർച്ചവ്യാധിപോലെ നാടെങ്ങും പ്രചരിച്ചു. ഇവയെല്ലാം മിശിഹായുടെ പഠനങ്ങൾക്കു കടകവിരുദ്ധമാണെന്നതിനു സുവിശേഷംതന്നെയാണു സാക്ഷി.

യൂറോപ്യൻ മിഷനറിമാർ നമ്മുടെ പൂർവ്വികന്മാരെ പഠിപ്പിച്ചിട്ടു ഇന്നു നാം അവയുടെ അർത്ഥം അറിഞ്ഞോ അറിയാതെയോ ഉരുവിട്ടുകൊണ്ടിരിക്കയും, നമ്മുടെ മക്കളെ പഠിപ്പിക്കയും ചെയ്യുന്ന വേദപാഠത്തിലെ പല നിർവ്വചനങ്ങളും അർത്ഥശൂന്യങ്ങളും, വിലകുറഞ്ഞവയും, മിശിഹാ ഉദ്ദേശിക്കുന്ന ആധ്യാത്മികത ഇല്ലാത്തവയുമാണ്. ആകയാൽ വിദ്യാസമ്പന്നരായ ഇന്നത്തെ ജനങ്ങൾ



www.TheCMSIndia.org

ഉന്നയിക്കുന്ന ചോദ്യങ്ങളുടെ മുന്നിൽ ഉത്തരം മുട്ടി നമ്രശിരസ്കരായി നിൽക്കേണ്ടിവരുന്ന ഗതികേട് ഇന്നു നമുക്കുണ്ട്. ഈ രംഗത്തു ഒരു പൊളിച്ചെഴുത്ത് അത്യന്താപേക്ഷിതമാണ്.

മിശിഹാ സ്ഥാപിച്ച സഭ ഈ ലോകത്തിൽതന്നെ ഒരു ആധ്യാത്മിക സ്ഥാപനമാണ്. അതിന്റെ ആധ്യാത്മിക സുരക്ഷിതത്വത്തിനുപകരം ഭൗതിക സുരക്ഷിതത്വത്തിലേയ്ക്കാണ് പലരും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ആധ്യാത്മികത ഉപേക്ഷിച്ചാൽ ക്രിസ്തു സ്ഥാപിച്ച സഭ ക്രിസ്തുവിന്റേതല്ലാതാകും. പല ക്രിസ്ത്യാനികൾക്കും ആന്തരികവിശുദ്ധിക്കുപകരം ബാഹ്യപ്രകടനപ്രധാനമായ ചടങ്ങുകളായി തീർന്നു, മതാനുഷ്ഠാനം. സഭയുടെ ഭൗതിക ഉന്നമനം ഉന്നമനമല്ല, അധപ്പതനമാണ്, എന്നതിനു സാക്ഷി തിരുസഭാചരിത്രം തന്നെയാണ്. ഇന്നത്തെ ആധ്യാത്മികധ്യാനങ്ങൾ ചിരിപ്പിക്കുന്ന കഥകളും രസിപ്പിക്കുന്ന പാട്ടുകളുമായി നിറം മാറിയിരിക്കുന്നത് ശോചനീയമാണ്.

ഇങ്ങിനെ നമ്മുടെ ആരാധനക്രമത്തിൽ വന്നുകൂടിയിരിക്കുന്ന നാനാതരക്രമക്കേടുകൾ മുഖാന്തരം പല ചിന്തകന്മാരും, യുവലോകത്തിലെ ബഹുഭൂരിപക്ഷം പേരും പ്രാർത്ഥനകൾ നിരർത്ഥകങ്ങളായി കരുതി, പാടെ തിരസ്കരിച്ചു. നിരീശ്വരത്വത്തിലേയ്ക്കാണ് അവരുടെ ശക്തിയായ ഒഴുക്ക്. പിശാചിന്റെ രണ്ടാമത്തെ വഞ്ചനയായ ഈ അടിമത്തത്തിൽനിന്ന് നമ്മുടെ ജനത്തെ മിശിഹായുടെ ആധ്യാത്മികതയിലേക്കു വീണ്ടും ഒന്നു വീണ്ടെടുക്കേണ്ടതായിട്ടുണ്ട്.

അരൂപിയായ ദൈവത്തെ സത്യത്തിലും അരൂപിയിലും ആരാധിക്കുന്ന സത്യാരാധകരുടെ ഒരു സമൂഹമായിത്തീരണം സഭ. (യോഹ 4-24). ഇപ്രകാരമുള്ള സത്യാരാധകരെയാണ് പിതാവ് അന്വേഷിക്കുന്നത് (യോഹ. 4-23).

ഭൂലോകം മുഴുവൻ വിലമതിക്കുന്ന ഇന്ത്യൻ ആധ്യാത്മികതയാണ്, സകലത്തേയും അളവില്ലാത്ത ക്രമത്തോടെ സൃഷ്ടിച്ച്, സർവ്വ സൃഷ്ടങ്ങളിലും സ്ഥിതിചെയ്ത് സകലത്തേയും നിയന്ത്രിക്കുന്ന നിത്യാനന്ദ സ്നേഹസ്വരൂപനും, സകലത്തേയും ദർശിക്കുന്ന അദൃശ്യനും, സകലത്തേയും ഗ്രഹിക്കുന്ന അഗ്രാഹ്യനും, മനുഷ്യഹൃദയങ്ങളിൽ കുടികൊള്ളുന്നവനുമായ സ്നേഹപിതാവിന്റെ വാത്സല്യ പരിലാളനയിൽ ഈലോക ജീവിതം വിജയപ്രദമായി



www.TheCMSIndia.org

†

# സുവിശേഷ അടിസ്ഥാനത്തിൽ ഇന്ത്യൻ കുർബ്ബാനക്രമം

## ആമുഖം

മിശിഹാ തമ്പുരാൻ ഗാഗുൽത്താ മലയിൽ രക്തം ചിന്തി അർപ്പിച്ച കുരിശുമരണബലി, രക്തം ചിന്താത്തവിധം, ഇന്നത്തെ ജനങ്ങൾക്കുവേണ്ടി, അർപ്പിക്കപ്പെടുന്നതാണ്, അൾത്താരയിലെ ബലി, എന്ന് തിരുസഭ പഠിപ്പിക്കുന്നു. അതിനാൽ നാം വിശ്വസിക്കുന്നു. ഇന്നത്തെ നമ്മുടെ അൾത്താരബലിയിൽ തെളിഞ്ഞുകാണുന്നത്, പെസഹാ വ്യാഴാഴ്ച രാത്രി, ഈശോമിശിഹാ വിശുദ്ധകുർബാന എന്ന കൂദാശ സ്ഥാപിച്ച ഭാഗമാണ്. സാക്ഷാലുള്ള കുരിശുമരണബലി, ഇതിൽ ഒട്ടുംതന്നെ തെളിഞ്ഞുകാണുന്നില്ല. ആദ്യനൂററാണ്ടുകളിലെ കുർബാനകളിൽ അതു തെളിഞ്ഞുകണ്ടിരുന്നു.

മാനവകുലപരിത്രാണാർത്ഥം ഗാഗുൽത്താ മലയിലെ കുരിശിന്മേൽ തന്നെത്തന്നെ ഹോമബലിയായി നിത്യപിതാവിനു അർപ്പിക്കാൻ വേണ്ടിയാണ്, മിശിഹാ ലോകത്തിൽ മനുഷ്യനായി അവതരിച്ചത്. മിശിഹാ അർപ്പിച്ച ദിവ്യബലിയുടെ ചിത്രം വരച്ചുകാണിക്കാൻ മിശിഹായ്ക്കു മാത്രമേ സാധ്യമാകയുള്ളു. ആ ചിത്രം അവിടുന്നുതന്നെ എന്നേയ്ക്കുമായി വരച്ചു പൂർത്തിയാക്കി. ആ ദിവ്യബലിക്കുള്ള തയ്യാറെടുപ്പായിരുന്നു, ബത്ത്‌ലഹം തുടങ്ങിയുള്ള സംഭവങ്ങൾ. ബത്ത്‌ലഹമ്മിൽ ആരംഭിച്ച മിശിഹായുടെ ബലിജീവിതം, നസ്രസ്സിലും യൂദയായിലും തുടർന്നു. സെഹിയോൻ മാളികയിൽ, മൽക്കിസെദെക്കിന്റെ ക്രമപ്രകാരം, വി. കുർബാന സ്ഥാപിച്ച് (ഹെബ്രാ. 7:15-17) വി. പൗലോസിന്റെ വാക്കുകളിൽ, അതിന്റെ വിൽപത്രം തയ്യാറാക്കി (ഹെബ്രാ. 9:16-18) ലോകാവസാനംവരെ ശാശ്വതീകരിച്ചു. തുടർന്ന് ഗാഗുൽത്താ മലയിൽ സ്വയം കുരിശിൽ ബലിയർപ്പിച്ച്, ആ തിരുരക്തംകൊണ്ട് സെഹിയോൻ വിൽപത്രത്തിനു മുദ്ര വച്ചു. മൂന്നാംദിവസം ഉയിർത്തെഴുന്നേററു. സൈത്തു മലമുകളിൽ നിന്ന്, കൈകളുടെ പണിയല്ലാത്ത ദേവാലയത്തിൽ, സ്വർഗ്ഗസ്ഥപിതാവിന്റെ തിരുസന്നിധിയിൽ, സ്വന്തരക്തത്തോടുകൂടെ പ്രവേശിച്ച്, മനുഷ്യവംശത്തിന്റെ പാപപരിഹാരബലിയായി നിത്യപിതാവിനു കാഴ്ചവച്ച് ബലി പൂർത്തിയാക്കി (ഹെബ്രാ. 9:11-12).



www.TheCMSIndia.org

കർബാന ബലിയിൽ ഈ സുപ്രധാന ഭാഗങ്ങളെല്ലാം ദർശിച്ചറിഞ്ഞു കാണേണ്ടതായിട്ടുണ്ട്. മാത്രമല്ല, മിശിഹായുടെ രക്ഷാകരവേലയുടെ യോഗ്യതകൾ നമുക്കു തന്ന്, നമ്മെ ദൈവിക മനുഷ്യരാക്കി പരിവർത്തനം ചെയ്യുന്നതിനുവേണ്ടി, അവിടുന്നു സ്ഥാപിച്ച കൂദാശകളും ഈ രക്ഷാകരബലിയിൽ നവീകരിക്കപ്പെടണം. ഇങ്ങിനെ മിശിഹായിലേക്കു രൂപാന്തരപ്പെട്ട്, പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിച്ച്, പന്തക്കുസ്താദിനത്തിലെ ശ്ലീഹന്മാരെപ്പോലെ, ദൈവികമായ പ്രവർത്തികൾക്കായി, ദേവാലയത്തിൽനിന്നു നാം പുറപ്പെടണം. എങ്കിൽ മാത്രമേ, ഇതുവഴി, മിശിഹാ ഉദ്ദേശിക്കുന്ന സൽഫലങ്ങൾ നമുക്കു ലഭ്യമാകയുള്ളൂ. ഈ ദിവ്യബലിയുടെ കാര്യപരിപാടിയാണ് വിശ്വാസപ്രമാണം.

Fr. Joseph Virgil C. M. I.



www.TheCMSIndia.org

വരുമ്പോൾ ഞങ്ങളേവരേയും അങ്ങയുടെ വലത്തുഭാഗത്തു നിറുത്തി, അനുഗ്രഹമുള്ള വിധി തന്നു, അങ്ങയോടുകൂടെ സ്വർഗ്ഗസ്ഥപിതാവിൻെറ പക്കലേക്കു ആനയിക്കേണമെ.

ശുശ്രൂ. ആമ്മേൻ ബാറെക്മാർ.

പുരോ. പന്തക്കുസ്തയുടെ ദിവസങ്ങൾ പൂർത്തിയായപ്പോൾ അവരെല്ലാവരും സെഹിയോൻ മാളികയിൽ സമ്മേളിച്ചിരിക്കെ കൊടുങ്കാററു പോലെയുള്ള ഒരുസ്വരം ആകാശത്തു നിന്നുണ്ടായി. അതു അവർ സമ്മേളിച്ചിരുന്ന ഭവനം മുഴുവൻ നിറഞ്ഞു. അഗ്നിപോലെയുള്ള നാവുകൾ അവർ എല്ലാവരുടേയുംമേൽ വന്നു നിന്നു. അവരെല്ലാവരും പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞു. അവർ വിവിധ ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി.

സമൂ **ഗാനം**

വന്നാലും വേഗം റൂഹായെ
സന്ദർശിച്ചെൻ മാനസത്തെ
സപ്തദാനാൽ പൂരിപ്പിക്ക
സത്യ ദൈവാരൂപിയെ

പന്തക്കുസ്ത മഹാദിനം
പന്തിരുപേർ ശിഷ്യാഗണം
ധൈര്യമോടെ സുവിശേഷം
ചൊന്നപോലെ ചൊല്ലുവാൻ.

സമാപന ആശീർവ്വാദം.

പന്തക്കുസ്ത മഹൽദിനത്തിൽ ശ്ലീഹന്മാരിൽ ആവസിച്ച് അവരെ ദൈവികമനുഷ്യരാക്കി പരിവർത്തനം ചെയ്ത പരിശുദ്ധാത്മാവ് നിങ്ങളിലും എഴുന്നള്ളിവരട്ടെ. നിങ്ങളേയും ദൈവികമനുഷ്യരാക്കി പരിവർത്തനം ചെയ്യട്ടെ. നിങ്ങളുടെ സർവ്വപ്രവർത്തനങ്ങളിലും നിങ്ങളെ ശക്തിപ്പെടുത്തട്ടെ. സർവ്വവിധ വിപത്തുകളിൽനിന്നും നിങ്ങളെ കാത്തു രക്ഷിക്കട്ടെ. മിശിഹായുടെ രക്ഷണീയ മാർഗ്ഗത്തിൽക്കൂടെ സ്വർഗ്ഗപിതാവിൻെറ പക്കലേക്ക് സുരക്ഷിതമായി നിങ്ങളെ നയിക്കട്ടെ. തിരുസഭയോടൊത്തു നിങ്ങൾ ചിന്തിക്കുവിൻ. തിരുസഭയുടെ വളർച്ചയിൽ ഉൽസുകരായിരിക്കുവിൻ. പ്രാർത്ഥനവഴി നിങ്ങൾ



www.TheCMSIndia.org

എപ്പോഴും ദൈവത്തിൽനിന്നു ശക്തിപ്രാപിക്കുവിൻ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിന്റെ സർവ്വശക്തമായ കരം നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ, ഇപ്പോഴും എപ്പോഴും എന്നേക്കും + ആമ്മേൻ

## സമൂഹഗാനം

വന്ദനം ബലിപീഠമേ!
പൂജ്യമാം ബലിപീഠമേ!
പുതുവരം നുകർന്നിതാ
പോകുന്നു ഞങ്ങൾ — പോകു...

എവിടെ ഞങ്ങൾ പോയാലും
എന്തു ഞങ്ങൾ ചെയ്താലും
ദൈവത്തിൻ കരം ഞങ്ങൾ–
ക്കഭയമരുളേണം – സന്തത–
മഭയമരുളേണം

വന്ദനം......



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS